# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6491 — 03/04/2018-ലെ മറുപടി

## ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ? | (എ & ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ പോവുന്നതുമായ സമഗ്ര കുടിവെള്ള പദ്ധതികളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.<br>കൂടാതെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി തേങ്കുറിശ്ശി പഞ്ചായത്തിൽ 2 ബോർവെൽ പദ്ധതികളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും ചുവടെ ചേർക്കുന്നു.<br>1. തേങ്കുറിശ്ശി പഞ്ചായത്തിലെ ആണ്ടിത്തറ കുടിവെള്ള പദ്ധതി, ബോർവെൽ കുഴിച്ചു. ബാക്കി പ്രവൃത്തി ഏർപ്പാടാക്കി. രണ്ടാഴ്ചയ്ക്കുള്ളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br>2. തേങ്കുറിശ്ശി പഞ്ചായത്തിലെ എരട്ടയോട് കുടിവെള്ള പദ്ധതി – ബോർവെൽ കുഴിച്ചു ബാക്കി പ്രവൃത്തി ഏർപ്പാടക്കി. രണ്ടാഴ്ചയ്ക്കുള്ളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br>മേൽ പറഞ്ഞ പദ്ധതികൾ കൂടാതെ 2017-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി തേങ്കുറിശ്ശി പഞ്ചായത്തിൽ 2 ബോർവെല്ലുകൾ കുഴിച്ചെങ്കിലും വെള്ളം ലഭ്യമായില്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ

അനുബന്ധം

| | | | |
|---|---|---|---|
| 1. | കിഫ്ബി – 2016-17 – നെന്മാറ, അയിലൂർ, മേലർകോട് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം (മേലാർകോട് പഞ്ചായത്ത് ആലത്തൂർ മണ്ഡലത്തിലാണ്) | ഭരണാനുമതി സംഖ്യ<br>2450 ലക്ഷം | പാക്കേജ്–1 – ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചു അയിലൂർ കൈതച്ചിറ ടാങ്കിലേക്കുള്ള പമ്പിംഗ് മെയിനിന്റെ 95% പ്രവൃത്തികളും പൂർത്തീകരിച്ചു ടാങ്കിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കും. നെന്മാറ, പി.ഡബ്ല്യു.ഡി. റെസ്റ്റ്ഹൗസ് കോംബൗണ്ടിൽ സ്ഥാപിക്കാനുള്ള ടാങ്കിന് സ്ഥലം അനുവദിച്ച് കിട്ടിയിട്ടില്ല.<br>പാക്കേജ് –II മേലാർകോട് കടമ്പിടി ടാങ്കിലേക്കുള്ള പമ്പിംഗ് മെയിനിനുള്ള കുറച്ച് പൈപ്പുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. അതിൽ 900 മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. ടാങ്കിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| 2. | സ്റ്റേറ്റ് പ്ലാൻ ഒപ്റ്റിമൈസേഷൻ, വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി, കണ്ണമ്പ്ര സമഗ്ര കുടിവെള്ള പദ്ധതി – ഒന്നാംഘട്ടം (വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകൾ ആലത്തൂർ മണ്ഡലത്തിലാണ്. | ഭരണാനുമതി സംഖ്യ<br>2000 ലക്ഷം | പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചു |
| 3. | കിഫ്ബി– 2017-18 - വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി, കണ്ണമ്പ്ര സമഗ്ര കുടിവെള്ള പദ്ധതി – രണ്ടാംഘട്ടം | എസ്റ്റിമേറ്റ് സംഖ്യ<br>7500 ലക്ഷം | രണ്ടു പദ്ധതികളുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് അംഗീകാരം നൽകുകയും കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ വേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരികയുമാണ്. |
| 4. | കിഫ്ബി– 2017-18 – എലവഞ്ചേരി, പല്ലശ്ശേന, ആലത്തൂർ, എരിമയൂർ സമഗ്ര കുടിവെള്ള പദ്ധതി (ആലത്തൂർ, എരിമയൂർ പഞ്ചായത്ത് ആലത്തൂർ മണ്ഡലത്തിലാണ്) | എസ്റ്റിമേറ്റ് സംഖ്യ<br>2000 ലക്ഷം | |

Renuka Sanjay
സെക്ഷൻ ഓഫീസർ